## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2456      05/02/2018-ൽ മറുപടിക്ക്

### വൈദ്യുതി മീറ്ററുകൾ

| | ചോദ്യം<br><br>**ശ്രീ.ആർ. രാമചന്ദ്രൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആധുനിക സംവിധാനങ്ങളുള്ള വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ; | (എ) | ആദ്യഘട്ടമായി 500 യൂണിറ്റിന് മുകളിലും അതിനുശേഷം 200 യൂണിറ്റിനും മുകളിൽ പ്രതിമാസ ഉപഭോഗമുള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള 241.41 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും അതിൽ 99.02 കോടി രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, കോർപ്പറേഷൻ മേഖലയിലുള്ള വൈദ്യുതി ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ച് വരുന്നു. |
| (ബി) | ഇത്തരം മീറ്ററുകൾ സ്ഥാപിക്കപ്പെട്ടു മ്പോൾ മീറ്റർ റീഡർ തസ്തിക ആവശ്യമുണ്ടോ; എങ്കിൽ ഈ തസ്തികയിൽ ജോലി ചെയ്യുന്നവരെ പുനർ വിന്യസിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദീകരിക്കുമോ; | (ബി) | സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുമ്പോൾ മീറ്റർ റീഡിംഗ്, റിമോട്ട് ആയി ലഭിക്കുന്നതാണ്. എന്നാൽ ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ മാത്രമേ തസ്തികകളുടെ ആവശ്യകതയും പുനർവിന്യാസവും സംബന്ധിച്ച തീരുമാനം എടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | ഇത്തരത്തിലുള്ള മീറ്ററുകൾ നിർമ്മിക്കുന്നതിന് സംസ്ഥാനത്തുള്ള ഏതെങ്കിലും കമ്പനികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ